# പെനിയേൽ

## എബ്രായർ 10:39

"നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല. വിശ്വാസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു."

നമ്മുടെ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുവാൻ നമുക്ക് ആഹ്വാനം തരുന്ന ഒരു ലേഖനമാണല്ലോ എബ്രായലേഖനം. പിന്മാറ്റത്തിന്റെ അവസ്ഥയിൽ നിൽക്കുന്ന ഒരു കൂട്ടം ജനങ്ങളെ, തിരികെ വിശ്വാസത്തിലേക്ക് നടത്തുവാൻ ഉത്തമമായ അനേക ഉദാഹരണങ്ങൾ ലേഖകൻ കുറിക്കുന്നുണ്ട്. ന്യായപ്രമാണ നിവൃത്തിയിലൂടെ മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കൂ എന്ന ജനത്തിന്റെ മനോഭാവമാണ് ലേഖകൻ ഇവിടെ തിരുത്തുവാൻ ശ്രമിക്കുന്നത്.

എബ്രായർ 11:6. എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല.

ന്യായപ്രമാണകാലത്തിനു മുമ്പും അതിനു ശേഷവും, വിശ്വാസത്താൽ മാത്രം ദൈവത്തെ സമീപിച്ച അനേക വിശ്വാസവീരന്മാരെ, ലേഖകൻ അവരുടെ മുമ്പിൽ നിരത്തുന്നു. മനുഷ്യന്റെ പ്രവൃത്തികളാൽ അല്ല, വിശ്വാസത്താൽ മാത്രമാണ് നീതീകരണം എന്നതിന്റെ ഒരു ഉത്തമ ഉദാഹരണം കൂടിയാണ് യാക്കോബിന്റെ ജീവിതം.

എബ്രായർ 11:21 "വിശ്വാസത്താൽ യാക്കോബ് മരണകാലത്തിങ്കൽ യോസേഫിന്റെ മക്കളെ ഇരുവരെയും അനുഗ്രഹിക്കയും തന്റെ വടിയുടെ അറ്റത്തു ചാരിക്കൊണ്ടു നമസ്കരിക്കയും ചെയ്തു."

തന്റെ കൗശല ബുദ്ധിയിലൂടെ ജ്യേഷ്ഠാവകാശവും അനുഗ്രഹങ്ങളും തട്ടിയെടുത്ത വ്യക്തിയാണ് യാക്കോബ്, എങ്കിലും അതിനുശേഷം തന്റെ അമ്മാവനായ ലാബാന്റെ മുമ്പിൽ ഇരുപതു വർഷം കഠിനപ്രയത്നം ചെയ്ത് അവനെ സേവിച്ചതായി നാം വായിക്കുന്നല്ലോ. ബേഥേലിൽവെച്ച് ദർശനത്തിലൂടെ ദൈവത്തെ ദർശിച്ച യാക്കോബ് പെനിയേലിൽവെച്ചാണ് യഥാർത്ഥമായ നീതീകരണം പ്രാപിച്ചത്.

ഉല്പത്തി 32:31 "അവൻ പെനിയേൽ കടന്നുപോകുമ്പോൾ സൂര്യൻ ഉദിച്ചു."

തന്റെ ബുദ്ധിയിലൂടെയും പ്രയത്നത്തിലൂടെയും നേടിയെടുത്ത സർവ്വ സ്വത്തുമായിട്ടാണ് പെനിയേൽ വരെ യാക്കോബ് എത്തുന്നത്. വീണ്ടും തന്റെ കൗശലത്തിലൂടെ സഹോദരനായ ഏശാവിനോട് രമ്യതയിലാകാം എന്നു കരുതിയ യാക്കോബ്, ദൈവത്തെ മുഖാമുഖമായി കണ്ടപ്പോൾ തന്റെ ജീവിതത്തിലെ ഇരുൾ മാറി സൂര്യൻ ഉദിച്ചു.

പെനിയേൽ എന്നാൽ ദൈവത്തെ മുഖാമുഖമായി കണ്ടു എന്നാണ്. ദൈവത്തെ യാക്കോബ് മുഖാമുഖമായി കണ്ടെത്തി കഴിഞ്ഞപ്പോൾ, അവന്റെ പേര് മാറി, അവന്റെ ജീവിതത്തിലെ ഇരുൾ മാറി, തന്റെ കൗശലബുദ്ധിയിൽ ആശ്രയിക്കാതെ, നാം വായിച്ചതു പോലെ വടിയുടെ അറ്റത്തു ചാരിക്കൊണ്ട് യാക്കോബ് ജീവിച്ചു. ദൈവത്തെ പൂർണ്ണമായി വിശ്വസിച്ച്, പൂർണ്ണമായി ആശ്രയിച്ചുകൊണ്ടുള്ള ഒരു ജീവിതമാണ് യാക്കോബ് പിന്നീട് നമുക്ക് കാണിച്ചു തരുന്നത്.

ഇന്ന് നാമായിരിക്കുന്ന സാഹചര്യങ്ങളിൽ, അനേക പ്രതിസന്ധികൾ നമ്മെ അലട്ടിയേക്കാം. നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്തേക്കാം. എന്നാൽ ഈ പ്രതിസന്ധികളിൽ നാം തനിയെ നടക്കുവാനായിട്ടല്ല. ക്രിസ്തുവാകുന്ന 'വടിയിൽ' ചാരിക്കൊണ്ടു മുമ്പോട്ടു പോകുവാനാണ് ദൈവം നമ്മെ തിരഞ്ഞെടുത്തത്. ആ ക്രിസ്തുവിൽ ദിനംതോറും ചാരിക്കൊണ്ടുള്ള ഒരു ജീവിതം കാഴ്ചവെക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**പരാമർശം:**

എഫെസ്യർ 2:8
കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു.

എഫെസ്യർ 2:20
ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു.

**സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 008**